# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

*(ഹാജർ: ശ്രീ. എസ്. ഹരികിഷോർ ഐ.എ.എസ്.)*

വിഷയം: കുടുംബശ്രീ - ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

***ORDER No. 6261/ M/2017/KSHO DATED 03..08..2017***

ദാരിദ്ര്യ ലഘൂകരണത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് പാർശ്വവത്കൃത ജനവിഭാഗങ്ങളുടെ മുഖ്യധാരാവത്ക്കരണം അനിവാര്യമാണ്. ട്രാൻസ്ജെന്റർ വിഭാഗത്തിലുള്ളവർ സ്വന്തം വീടുകളിൽ നിന്നും സമൂഹത്തിൽ നിന്നും നിരവധി അവഗണനകൾ നേരിടുന്നവരാണ്. ഇവരെ സംഘടിപ്പിക്കുന്നതിനും ഇവർക്ക് മെച്ചപ്പെട്ട ഉപജീവനമാർഗ്ഗങ്ങൾ ഒരുക്കുന്നതിനും കുടുംബശ്രീ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും അവയെ ശക്തിപ്പെടുത്തുന്നതിനും കുടുംബശ്രീ ശ്രമിക്കുന്നത്.

പൊതുഅയൽക്കൂട്ടങ്ങളിൽ നിന്നും വ്യത്യസ്തമായി ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങൾക്ക് യോഗം ചേരുന്നതിനും സൂക്ഷമ സാമ്പത്തിക പ്രവർത്തനങ്ങൾ നടത്തുന്നതിനും വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ജില്ലയുടെ പല ഭാഗത്തു നിന്നും വന്നു ചേർന്നാണ് ഇവർ യോഗം ചേരേണ്ടത്. സ്ഥിരമായ വരുമാനമില്ലാത്തതു മൂലം ഇത്തരം അയൽക്കൂട്ടങ്ങളിൽ സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ ക്രമമായി നടത്താൻ പലപ്പോഴും കഴിയാറില്ല.

ഈ സാഹചര്യത്തിലാണ് ട്രാൻസ്ജെന്റർ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിനും ഇവരുടെ സൂക്ഷ്മ സമ്പാദ്യ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനു തീരുമാനിച്ചത്. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ ഒന്നായ ലഘു സമ്പാദ്യ വായ്പ പ്രവർത്തനം ആരംഭിക്കുന്നതിനും ട്രാൻസ്ജെന്റർ ജനവിഭാഗങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ഏത് ആവശ്യത്തിനും ലളിതമായ നടപടിക്രമങ്ങളിലൂടെ വായ്പ ലഭ്യമാക്കുന്നതിനും കോർപ്പസ് ഫണ്ട് ഉപയോഗപ്പെടുത്താൻ സാധിക്കും. താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് ലഘു സമ്പാദ്യവായ്പ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് കുടുംബശ്രീ മിഷനിൽ നിന്നും കോർപ്പസ് ഫണ്ടായി 10,000/- രൂപ (പതിനായിരം രൂപ മാത്രം) വീതം താഴെപറയുന്ന വ്യവസ്ഥകൾ പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

1. കുടുംബശ്രീ സി.ഡി.എസ്സുകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് മാത്രമാണ് കോർപ്പസ് ഫണ്ട് ജില്ലാ മിഷനിൽ നിന്നും അനുവദിക്കേണ്ടത്.

2. ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങൾ ഏതു സി.ഡി.എസിലാണോ അഫിലിയേറ്റു ചെയ്തിരിക്കുന്നത് പ്രസ്തുത സി.ഡി.എസ്സിന് അനുബന്ധം-1 ആയി ചേർത്തിട്ടുള്ള അപേക്ഷാ ഫോറത്തിൽ ആവശ്യമായ വിവരങ്ങൾ പൂരിപ്പിച്ച് അപേക്ഷ സമർപ്പിക്കേണ്ടതാണ്. സി.ഡി.എസ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അയൽക്കൂട്ടം ട്രാൻസ്ജെന്റർ അംഗങ്ങൾ ഉൾപ്പെടുന്ന പ്രത്യേക അയൽക്കൂട്ടമാണെന്നും കോർപ്പസ് ഫണ്ടിന് അർഹരാണെന്നും സാക്ഷ്യപ്പെടുത്തി ശുപാർശ ചെയ്ത് ജില്ലാ മിഷന് സമർപ്പിക്കേണ്ടതാണ്.
3. ജില്ലാ മിഷൻ അപേക്ഷ പരിശോധിച്ച്, അർഹരായ ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് 10,000/- രൂപ (രൂപ പതിനായിരം മാത്രം) കോർപ്പസ് ഫണ്ടായി അനുവദിക്കേണ്ടതാണ്.
4. ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ജില്ലാ മിഷൻ കോർപ്പസ് ഫണ്ടായി അനുവദിച്ച തുക നൽകേണ്ടതാണ്.
5. ഇപ്രകാരം ലഭിക്കുന്ന കോർപ്പസ് ഫണ്ട് അയൽക്കൂട്ട അംഗങ്ങൾ വീതിച്ചെടുക്കാൻ പാടില്ല. അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത തുക ആന്തരിക വായ്പാ പ്രവർത്തനത്തിനു മാത്രമേ ഉപയോഗിക്കാവൂ. ആന്തരിക വായ്പയുടെ പലിശ നിരക്ക് അയൽക്കൂട്ട യോഗത്തിന് തീരുമാനിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം തീരുമാനിക്കുന്ന വായ്പയുടെ വാർഷിക പലിശ നിരക്ക് 12 ശതമാനത്തിന് മുകളിൽ അധികരിക്കാൻ പാടുള്ളതല്ല.
6. അയൽക്കൂട്ടത്തിന് രജിസ്റ്ററുകൾ വാങ്ങുന്നതിനായി അയൽക്കൂട്ട യോഗ തീരുമാന പ്രകാരം ടി ഫണ്ടിൽ നിന്നും പരമാവധി 750/- രൂപ (എഴുനൂറ്റി അൻപത് രൂപ മാത്രം) വരെ ചിലവഴിക്കാവുന്നതാണ്.
7. കോർപ്പസ് ഫണ്ട് അനുവദിച്ച ഗ്രൂപ്പുകളുടെ പേര്, തുക തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള ജില്ലാ മിഷന്റെ കത്ത് സി.ഡി.എസിന് രേഖാമൂലം അറിവിലേയ്ക്കായി നൽകേണ്ടതാണ്.
8. അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് ലഭ്യമാക്കിയതിനുശേഷം രേഖകളും രജിസ്റ്ററുകളും എഴുതി സൂക്ഷിക്കുന്നതിനും ആന്തരിക വായ്പാ പ്രവർത്തനം കൃത്യമായി നടത്തുന്നതിനും ആവശ്യമായ പിന്തുണ സി.ഡി.എസ്സും എ.ഡി.എസ്സും നൽകേണ്ടതാണ്.
9. കോർപ്പസ് ഫണ്ടായി ചെലവാകുന്ന തുക ജില്ലാ മിഷനിൽ ലഭ്യമായ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണം എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.
10. ഫണ്ട് അനുവദിയ്ക്കുന്ന മുറയ്ക്ക് ഉപയുക്തതാ സർട്ടിഫിക്കറ്റ് സംസ്ഥാന മിഷനിൽ സമർപ്പിക്കേണ്ടതാണ്.

ജില്ലതിരിച്ചുള്ള ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണവും (30/6/2017-ലെ ക്ണക്കനുസരിച്ച്) അനുവദിച്ച കോർപ്പസ് ഫണ്ട് തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം (30/6/2016 വരെ) | അനുവദിച്ച കോർപ്പസ് ഫണ്ട് |
|---|---|---|---|
| 1 | തിരുവനന്തപുരം | 03 | 30,000 |
| 2 | കൊല്ലം | 02 | 20,000 |
| 3 | പത്തനംതിട്ട | 01 | 10,000 |
| 4 | കോട്ടയം | 01 | 10,000 |
| 5 | എറണാകുളം | 02 | 20,000 |
| 6 | തൃശൂർ | 01 | 10,000 |
| 7 | മലപ്പുറം | 02 | 20,000 |
| 8 | കോഴിക്കോട് | 03 | 30,000 |
| 9 | വയനാട് | 03 | 30,000 |
| 10 | കണ്ണൂർ | 01 | 10,000 |
| 11 | കാസർഗോഡ് | 01 | 10,000 |
| | **ആകെ** | **20** | **2,00,000** |

(ഒപ്പ്)

**എക്സിക്യൂട്ടീവ്ഡയറക്ടർ**
**കുടുംബശ്രീ**

1. എല്ലാ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
2. എല്ലാ സി.ഡി.എസ്. ചെയർപേഴ്സൺമാർക്കും (ജില്ലാ മിഷൻ മുഖേന)

പകർപ്പ്

1. *എല്ലാ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, പ്രോഗ്രാം ഓഫീസർമാർ, പ്രോഗ്രാം മാനേജർ (സംസ്ഥാന മിഷൻ)*
2. *അക്കൗണ്ട്സ് സെക്ഷൻ*
3. *കരുതൽ/അധികം*

ഉത്തരവിൻ പ്രകാരം

പ്രോഗ്രാം ഓഫീസർ (സംഘടന)

കുടുംബശ്രീ .............................................. ജില്ലാ മിഷൻ

## ട്രാൻസ്ജെന്റർ വിഭാഗങ്ങളുടെ പ്രത്യേക അയൽക്കൂട്ടങ്ങൾക്കുള്ള കോർപ്പസ് ഫണ്ട് അപേക്ഷാ ഫോറം

............................ ഗ്രാമ പഞ്ചായത്ത്/നഗരസഭ കുടുംബശ്രീ സി.ഡി.എസ്.

1. അയൽക്കൂട്ടത്തിന്റെ പേര് :
   a) വിലാസം :
   b) ഫോൺ നമ്പർ :
2. വാർഡ് നമ്പർ/പേര് :
3. അയൽക്കൂട്ടം രൂപീകരിച്ച തിയ്യതി :
4. സി.ഡി.എസിലെ അഫിലിയേഷൻ നമ്പർ :
5. അയൽക്കൂട്ടത്തിലെ അംഗങ്ങളുടെ എണ്ണം :
6. അക്കൗണ്ട് തുടങ്ങിയ ബാങ്കിന്റെ പേര് :
   a) ബാങ്ക് ബ്രാഞ്ചിന്റെ പേര് :
   b) ബാങ്ക് വിലാസം :
   c) എസ്.ബി .അക്കൗണ്ട് നമ്പർ :
7. അയൽക്കൂട്ടംഅംഗങ്ങളുടെവിവരങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ഒപ്പ് |
|---|---|---|---|---|
| 1. | | | | |
| 2. | | | | |
| 3. | | | | |
| 4. | | | | |
| 5. | | | | |
| 6. | | | | |
| 7. | | | | |
| 8. | | | | |
| 9. | | | | |
| 10. | | | | |
| 11. | | | | |

| ക്രമ നമ്പർ | പേരും മേൽവിലാസവും | അംഗത്വം നൽകിയ തീയതി | വയസ്സ് | ഒപ്പ് |
|---|---|---|---|---|
| 12. | | | | |
| 13. | | | | |
| 14. | | | | |
| 15. | | | | |
| 16. | | | | |
| 17. | | | | |
| 18. | | | | |
| 19. | | | | |
| 20. | | | | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു. ആയതിനാൽ ഞങ്ങളുടെ ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടത്തിന് കോർപ്പസ് ഫണ്ട് അനുവദിച്ച് തരണമെന്ന് അപേക്ഷിക്കുന്നു. കോർപ്പസ് ഫണ്ട് ഇനത്തിൽ ലഭിക്കുന്ന ധനസഹായം അയൽക്കൂട്ടത്തിലെ ആന്തരിക വായ്പയ് പ്രവർത്തനങ്ങൾക്കു മാത്രമേ ഉപയോഗിക്കുകയുള്ളൂ.

അയൽക്കൂട്ടം പ്രസിഡന്റിന്റെ പേരും ഒപ്പും

(അയൽക്കൂട്ടം മുദ്ര)

അയൽക്കൂട്ടം സെക്രട്ടറിയുടെ പേരും ഒപ്പും

---

## സി.ഡി.എസ് ശുപാർശ

........................................ അയൽക്കൂട്ടം കോർപ്പസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള ട്രാൻസ്ജെന്റർ വിഭാഗത്തിൽ ഉൾപ്പെട്ട പ്രത്യേക അയൽക്കൂട്ടമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടിരിക്കുന്നു ആയതിനാൽ കോർപ്പസ് ഫണ്ട് അനുവദിക്കാവുന്നതാണ്.

**സി.ഡി.എസ്ചെയർപേഴ്സന്റെ പേരും ഒപ്പും**

(ഓഫീസ് മുദ്ര)

**മെമ്പർ സെക്രട്ടറി പേരും ഒപ്പും**

---

*കുറിപ്പ്:*

1. *അപേക്ഷയുടെ കൂടെ സി.ഡി.എസിലെ അഫിലിയേഷൻ സർട്ടിഫിക്കറ്റിന്റെയും ട്രാൻസ്ജെന്റർ അയൽക്കൂട്ടത്തിന്റെ ബാങ്ക് പാസ്സ് ബുക്കിന്റെയും പകർപ്പ് വയ്ക്കേണ്ടതാണ്.*
2. *പൂർണ്ണമായും പൂരിപ്പിക്കാത്ത അപേക്ഷകൾ സ്വീകരിക്കുന്നതല്ല.*
3. *ജില്ലാ മിഷൻ നടത്തുന്ന പരിശോധനയിൽ അപേക്ഷ വ്യാജമാണെന്ന് തെളിഞ്ഞാൽ ധനസഹായം തിരിച്ചു പിടിക്കുന്നതടക്കമുള്ള നിയമ നടപടികൾ ബന്ധപ്പെട്ടവർക്കെതിരെ സ്വീകരിക്കുന്നതാണ്.*

## കുടുംബശ്രീ ജില്ലാ മിഷന്റെ പരിശോധനാ റിപ്പോർട്ട്

................................ഗ്രാമ പഞ്ചായത്ത്/നഗരസഭ കുടുംബശ്രീ സി.ഡി.എസ്സിലെ ........................................................................................................ അയൽക്കൂട്ടം കോർപ്പസ് ഫണ്ട് ലഭിക്കാൻ അർഹതയുള്ള ട്രാൻസ്ജെന്റർ വിഭാഗത്തിൽ ഉൾപ്പെട്ട പ്രത്യേക അയൽക്കൂട്ടമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ അയൽക്കൂട്ടത്തിന് കോർപ്പസ് ഫണ്ട് .........................രൂപ അനുവദിക്കാവുന്നതാണ്.

എ.ഡി.എം.സി
കുടുംബശ്രീ

തീയ്യതി:

---

## ഉത്തരവ്

കോർപ്പസ് ഫണ്ട് ......... രൂപ (.................................................... ........................ രൂപ മാത്രം) ....................................................................... ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടത്തിന് അനുവദിച്ചിരിക്കുന്നു.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ
കുടുംബശ്രീ

തീയ്യതി:

(ഓഫീസ്
മുദ്ര)